# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1344

03.12.15 ൽ - മറുപടിക്ക്

## പൊതുവിതരണ വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ പദ്ധതി

**ചോദ്യം**

ശ്രീമതി പി. അയിഷാ പോറ്റി:

(എ) പൊതുവിതരണ വകുപ്പിൽ നടപ്പിലാക്കിയ കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണ്;

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) പൊതുവിതരണ വകുപ്പിൽ നടപ്പിലാക്കുന്ന കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ ഭാഗമായി വകുപ്പ്തലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് മന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് പ്രോജക്ട് ഇ-മിഷൻ ടീം, സിവിൽ സപ്ലൈസ് കമ്മീഷണർ അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റി എന്നിവ ഭരണ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. അതൊടൊപ്പം **NICSI** മുഖേന നിയമിക്കപ്പെട്ടിട്ടുള്ള കമ്പ്യൂട്ടർ പ്രോഗ്രാമർമാരുൾപ്പെടുന്ന ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനേയും **(PIU)** ഡാറ്റാബേസ് കൈകാര്യം ചെയ്യുന്നതിന് **PostgreSQL** ഡാറ്റാബേസ് വിഭാഗത്തേയും നിയമിച്ചിട്ടുണ്ട്. വേൾഡ് ഫുഡ് പ്രോഗ്രാം **(WFP)**യുടെ സാങ്കേതിക സഹായം പ്രോജക്ടിന് ലഭ്യമാണ്. കൂടാതെ 03.10.15-ലെ സ.ഉ(കൈ)നം.25/15/ഭ.സി.സ.വ പ്രകാരം കെൽട്രോണിനെ സിസ്റ്റം ഇന്റഗ്രേറ്ററായി നിയമിച്ചിട്ടുണ്ട്. സെർവറുകൾ വാങ്ങുന്നതിനും വിവിധ സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നതോടൊപ്പം എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലും കമ്പ്യൂട്ടറുകളും നെറ്റ്‌വർക്കും ലഭ്യമാക്കിയിട്ടുണ്ട്. ഈ

പദ്ധതിയുടെ മോഡൽ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 22 റേഷൻ കടകളിൽ 11 എണ്ണത്തിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതു വരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിക്കായി കേന്ദ്രഗവൺമെന്റ് വിഹിതം ആയി ലഭിച്ച 7.3 കോടി രൂപയിൽ 6.23 കോടി രൂപയും നടപ്പു സാമ്പത്തിക വർഷം (2015-16) സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ 10 കോടി രൂപയിൽ 1.3 കോടി രൂപയും ഇതുവരെ ചെലവഴി ച്ചിട്ടുണ്ട്.

(സി) പൊതുവിതരണ വകുപ്പിൻ കീഴിലു ളള ഏതെല്ലാം ആഫീസുകൾ നാളിതുവരെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട് ?

(സി) പൊതുവിതരണ വകുപ്പിൻ കീഴിലുളള 69 താലൂക്ക് സപ്ലൈ ഓഫീസുകളിലും 14 ജില്ലാ സപ്ലൈ ഓഫീസുകളിലും റേഷൻ ഉപഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന ജോലികളുടെ ഭാഗമായി കമ്പ്യൂട്ടറുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ പുതുതായി രൂപവൽക്കരിക്കപ്പെട്ട 12 താലൂക്കുകളിലേക്കാവശ്യമായ കമ്പ്യൂട്ടറു കളും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ വഴി വാങ്ങുന്നതിനുളള നടപടികളും പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ